**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം വില്ലേജിലെ സ്ഥലം കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം വില്ലേജിൽ എൻ.എച്ച്. 766ന് സമീപം കുന്ദമംഗലം ടൗണിൽ നിലവിലുള്ള സ്ഥലം കയ്യേറ്റത്തിന് വിധേയമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോടികൾ വില മതിക്കുന്ന പ്രസ്തുത ഭൂമി ഒഴിപ്പിച്ച് പൊതു ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; | (ബി) | കുന്ദമംഗലം വില്ലേജിൽ റീ.സ 496/8 ൽ പ്പെട്ട 6 സെന്റ് ഭൂമിയിൽ 3 സെന്റ് ശ്രീ. ഊഞ്ഞിലോട്ട് നാണു എന്നവർക്കും, 0.25 സെന്റ് ഭൂമി ശ്രീമതി. ലതിക എന്നവർക്കും പാട്ടത്തിന് നൽകിയിരുന്നു. പ്രസ്തുത ഭൂമിയിലെ പാട്ടം പുതുക്കാത്തതിനാൽ ആയത് കയ്യേറ്റമായി കണക്കാക്കി പ്രസ്തുത ഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിൽ, ശ്രീ. ഊഞ്ഞിലോട്ട് നാണു ബഹു. ഹൈക്കോടതിയിൽ WP(C) -25516/2012, WP(C)-22937/12 നമ്പർ കേസുകൾ ഫയൽ ചെയ്യുകയും , ശ്രീമതി. ലതിക ജില്ലാ കളക്ടർക്ക് അപ്പീൽ ഹർജി നൽകുകയും ചെയ്തിരുന്നു. ശ്രീമതി. ലതികയുടെ അപ്പീൽ ഹർജി തള്ളികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടിയാരിക്ക് കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയേറ്റം ഒഴിപ്പിക്കുന്നതിന് ഫോറം- സി നോട്ടീസ് നൽകിയിട്ടുള്ളതും കയ്യേറ്റഭൂമി ഏറ്റെടുക്കുന്നതിന് കുന്ദമംഗലം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ശ്രീ. ഊഞ്ഞിലോട്ട് നാണു ബഹു. ഹൈ - ക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നാളിതുവരെ തീർപ്പാക്കിയിട്ടില്ല. ആയതിനാൽ ബഹു. ഹൈ - ക്കോടതിയിലെ കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത സ്ഥലം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനായി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | (സി) | ആവശ്യപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ